LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തര കലാപങ്ങൾ

211 (2083) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര ആഭ്യന്തര കലാപങ്ങളാണ് നടന്നിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) ആഭ്യന്തര കലാപങ്ങൾ മുൻകൂട്ടി അറിയുന്നതിനും, അമർച്ച ചെയ്യുന്നതിനും ആഭ്യന്തര വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് ആഭ്യന്തര കലാപങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. ചെറിയ സംഘർഷങ്ങളും അക്രമ സംഭവങ്ങളുമുണ്ടാകുമ്പോൾ നടപടി സ്വീകരിച്ച് സംഘർഷം നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്.

(ബി) അക്രമങ്ങളിലേക്കും കലാപങ്ങളിലേക്കും വഴി വയ്ക്കാവുന്ന പ്രശ്നങ്ങൾ മുൻകൂട്ടി അറിയുന്നതിനും അമർച്ച ചെയ്യുന്നതിനും രഹസ്യാന്വേഷണ വിഭാഗവും ക്രമസമാധാനപാലന വിഭാഗവും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നുണ്ട്.

കായംകുളം പട്ടണത്തിലെ ഗതാഗതക്കുരുക്ക്

212 (2084) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം പട്ടണത്തിലെ ഗതാഗത കുരുക്കിനു പരിഹാരമായി കായംകുളം - KP റോഡിൽ പോലീസ് സ്റ്റേഷൻ ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെങ്ങന്നൂർ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ 12-11-2014-ാം തീയതി കൂടിയ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗത്തിൽ കായംകുളം പോലീസ് സ്റ്റേഷൻ ജംഗ്ഷനിൽ കെ.പി. റോഡിന് തെക്കുവശത്തായി പള്ളി മതിലിനോട് ചേർന്നുള്ള ടെലിഫോൺ പോസ്റ്റ് മാറ്റി ബ്ലിങ്കർ ലൈറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.